


# സിവിൽ സർവീസ് ചിറകിലേറി ശാരികപ്പൂമ്പാറ്റ



തിരുവനന്തപുരം: സെറിബ്രൽ പാൾസിയെ അതിജീവിച്ച് ഇന്ത്യൻ സിവിൽ സർവീസിലെത്തുന്ന ആദ്യത്തെ മലയാളിയായ വടകര കീഴരിയൂർ സ്വദേശിനി ശാരിക എ. കെ. ഇനി റെയിൽവേ മാനേജ്മെന്റ് സർവീസിലേക്ക്. ഇതുമായി ബന്ധപ്പെട്ട നിയമന ഉത്തരവ് കേന്ദ്രസർക്കാരിന്റെ പേഴ്സണൽ മന്ത്രാലയത്തിൽനിന്ന് ശാരികയ്ക്ക് കഴിഞ്ഞ ദിവസം ലഭിച്ചു.

ജന്മനാ സെറിബ്രൽ പാൾസി രോഗബാധിതയായ ശാരിക വീൽചെയറിൽ ഇരുന്നാണ് ഈ സ്വപ്നനേട്ടം കരസ്ഥമാക്കിയത്.

ഭിന്നശേഷിക്കാരായ വിദ്യാർഥികൾക്കു സൗജന്യ സിവിൽ സർവീസ് പരിശീലനം നൽകാൻ അബ്സൊല്യൂട്ട് ഐ എ എസ് അക്കാദമിയുടെ സ്ഥാപകൻ, എഴുത്തുകാരനും മോട്ടിവേഷണൽ സ്പീക്കറുമായ ഡോ. ജോബിൻ എസ്. കൊട്ടാരം ആരംഭിച്ച 'പ്രൊജക്റ്റ് ചിത്രശലഭം' എന്ന പരിശീലനപദ്ധതിയിലേക്കു തിരഞ്ഞെടുക്കപ്പെട്ടതാണ് ശാരികയുടെ ജീവിതത്തിൽ വഴിത്തിരിവായത്. കഴിഞ്ഞ വർഷം വീൽചെയറിൽനിന്നു സിവിൽ സർവീസ് ലഭിച്ച ഷെറിൻ ഷഹാനയും അബ്സൊല്യൂട്ട് അക്കാദമിയുടെ 'ചിത്രശലഭം' പദ്ധതിയുടെ ഭാഗമായിരുന്നു.

ശാരികയ്ക്ക് ഇടതുകൈയുടെ മൂന്നു വിരലുകൾ മാത്രമേ ചലിപ്പിക്കാൻ കഴിയുകയുള്ളൂ. ഈ പരിമിതികളെയൊക്കെ അതിജീവിച്ചാണ് ശാരിക ഇപ്പോൾ സിവിൽ സർവീസ് എന്ന ലക്ഷ്യം കീഴടക്കിയിരിക്കുന്നത്.


കീഴരിയൂർ എരേമ്മൻകണ്ടി ശശിയുടെയും രാഖിയുടെയും മകളാണ് ശാരിക. പ്ലസ് ടു വിദ്യാർഥിനിയായ ദേവിക സഹോദരിയാണ്.

2024 ലെ സിവിൽ സർവീസ് മെയിൻസ് പരീക്ഷ പാസായി. തുടർന്ന്, ജനുവരി 30 ന് ഡൽഹിയിൽവച്ച് നടന്ന ഇന്റർവ്യൂവിൽ മികവു തെളിയിച്ചു. ഓൺലൈനായും തിരുവനന്തപുരത്തു നേരിട്ടുമായിരുന്നു പരിശീലനം.

ഇന്ത്യയിൽ മൂന്നുകോടിയോളം ഭിന്നശേഷിക്കാരായ കുട്ടികളുണ്ട്. എന്നാൽ, സിവിൽ സർവീസ് അടക്കമുള്ള നേതൃരംഗങ്ങളിൽ അവരുടെ പ്രാതിനിധ്യം വളരെ കുറവാണ്. ഇതു കണക്കിലെടുത്ത് ഭിന്നശേഷിക്കാരായ വ്യക്തികളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനാണ് മൂന്നുവർഷം മുമ്പ് ഡോ. ജോബിൻ എസ്. കൊട്ടാരം 'പ്രൊജക്റ്റ് ചിത്രശലഭം' ആരംഭിച്ചത്.

# അനിയന്റെ എഴുത്തിന് ചേട്ടന്റെ വര

പാലാ: അനിയൻ യോഹൻ ജോസഫ് ബിജു എഴുതിയ നോവലിനു കവറും ചിത്രങ്ങളും ഡിസൈൻ ചെയ്തത് ചേട്ടൻ ഫ്രാൻസിസ് ലിയോ ബിജു. സെപ്തംബർ 28 ന് ഭരണങ്ങാനത്തെ ജീവൻ ബുക്സ് പുറത്തിറക്കിയ Mission to a Mysterious Village എന്ന ഇംഗ്ലീഷ് നോവലിനാണ് ഈ അപൂർവതയുള്ളത്. തീർന്നില്ല, നോവലിസ്റ്റ് അഞ്ചാം ക്ലാസ് വിദ്യാർഥിയും ചിത്രകാരൻ പത്താം ക്ലാസ് വിദ്യാർഥിയുമാണെന്നുകൂടി അറിയുമ്പോഴേ ഇതിന്റെ പിന്നിലെ സവിശേഷത പൂർണമാവുകയുള്ളൂ. പാലാ ചാവറ പബ്ലിക് സ്കൂളിലെ വിദ്യാർഥികളാണ് യോഹനും ഫ്രാൻസിസും.






*യോഹൻ ജോസഫും ഫ്രാൻസിസ് ലിയോയും മാതാപിതാക്കൾക്കൊപ്പം*

ഇക്കഴിഞ്ഞ അവധിക്കാലത്താണ് യോഹൻ ഇംഗ്ലീഷിൽ നോവൽ എഴുതാനാരംഭിച്ചത്. സ്കൂൾലൈബ്രറിയിൽനിന്ന് ഫ്രാൻസിസ് കൊണ്ടുവരുന്ന പുസ്തകങ്ങൾ വായിച്ചാണ് ഇംഗ്ലീഷ്സാഹിത്യവുമായി യോഹൻ ചങ്ങാത്തത്തിലായത്. പതുക്കെപ്പതുക്കെ ഇംഗ്ലീഷിലെന്തൊക്കെയോ കുത്തിക്കുറിക്കാനും തുടങ്ങിയിരുന്നു. പക്ഷേ, എല്ലാവരെയും ഞെട്ടിച്ചുകൊണ്ടാണ് യോഹൻ നോവൽരചനയിലേക്കു തിരിഞ്ഞത്. ഏപ്രിലിൽ എഴുതിത്തുടങ്ങിയ നോവൽ പല ഇടവേളകളിലൂടെ ജൂണിൽ പൂർത്തിയായി. ചെറിയ ചെറിയ ഭാഗങ്ങളായി 28 അധ്യായങ്ങളുള്ളതാണ് നോവൽ. നോവലിലെ കഥാസന്ദർഭങ്ങൾക്ക് ആധുനികസാങ്കേതികവിദ്യകളെ കൂട്ടുപിടിച്ചുകൊണ്ടാണ് ഫ്രാൻസിസ് ദൃശ്യഭംഗിയൊരുക്കിയിരിക്കുന്നത്.

കേരളം വിട്ട് ഒരിടത്തും പോയിട്ടില്ലാത്ത നോവലിസ്റ്റ് മനസ്സുകൊണ്ടു സഞ്ചരിച്ചത് ഓസ്ട്രേലിയായിലേക്കാണ്. വായിച്ച നോവലുകളുടെയും കണ്ട ഇംഗ്ലീഷ്സിനിമകളുടെയും സമകാലിക ഇംഗ്ലീഷ് ചിൽഡ്രൻസ് ലിറ്ററേച്ചറിന്റെയും സ്വാധീനം എഴുത്തിലുണ്ട്. സംശയാസ്പദമായി ലഭിച്ച ഒരു കത്തിനെ ചുറ്റിപ്പറ്റി ഒരു സുഹൃദ്സംഘം നടത്തുന്ന യാത്രയും അതിന്റെ പരിസമാപ്തിയുമാണ് നോവലിന്റെ പ്രതിപാദ്യം. ആദ്യരചനയിൽനിന്നു കിട്ടിയ ഊർജം സമാഹരിച്ച് ഇപ്പോൾ യോഹൻ രണ്ടാമത്തെ നോവലിന്റെ പണിപ്പുരയിലാണ്. For the Missing Piece of Zodiac Map എന്നാണ് പേര്.

പ്രവിത്താനം തോട്ടുപുറത്ത് എഴുത്തുകാരനായ വിനായക് നിർമ്മലിന്റെയും പാലാ സെന്റ് തോമസ് ടീച്ചേഴ്സ് ട്രെയിനിങ് കോളജിലെ അധ്യാപികയായ ഷീജാമോൾ തോമസിന്റെയും മക്കളാണ് യോഹൻ ജോസഫും ഫ്രാൻസിസ് ലിയോയും.

# പ്രേമം മരണംപോലെ ശക്തം



**റെയ്ച്ചൽ ജോർജ്**
ബി.കോം എൽ.എൽ.ബി.
കോ ഓപ്പറേറ്റീവ് സ്കൂൾ ഓഫ് ലോ, തൊടുപുഴ

സ്നേഹത്തെ ആത്മാവിന്റെ ഭാഷയെന്നാണ് വിശുദ്ധ ആഗസ്തിനോസ് നിർവചിക്കുന്നത്. തന്റെ സൃഷ്ടികർമത്തിൽ സഹകാരികളാക്കുന്നതിനായി ദൈവം മനുഷ്യനെ സ്ത്രീയും പുരുഷനുമായി സൃഷ്ടിച്ചു. ലൈംഗികത എന്ന ദാനം നൽകി ദൈവം മനുഷ്യനെ അനുഗ്രഹിച്ചു. ദൈവവും ദൈവജനവും തമ്മിലുള്ള ബന്ധത്തെ വിവാഹബന്ധവുമായി ബന്ധിപ്പിച്ച് സോളമൻ തന്റെ ഉത്തമഗീതത്തിൽ പ്രേമത്തെ മരണംപോലെ ശക്തമെന്നു വിശേഷിപ്പിക്കുമ്പോൾ വിവാഹജീവിതത്തിലാണു പ്രണയം ആരംഭിക്കേണ്ടതും പൂർണത പ്രാപിക്കേണ്ടതും എന്ന സത്യം നാം മനസ്സിലാക്കണം.

എന്നാൽ, പുതുതലമുറയുടെ തത്ത്വശാസ്ത്രങ്ങൾ വിശുദ്ധിക്കും സ്നേഹത്തിന്റെ യഥാർഥമാനങ്ങൾക്കും വിരുദ്ധമായി വളരുന്നു. സ്കൂൾ കാലഘട്ടത്തിൽത്തന്നെ കുട്ടികൾ പ്രണയത്തിന്റെ പിന്നാലേ സഞ്ചരിക്കാൻ ശ്രമിക്കുന്നു എന്നത് തിരുത്തപ്പെടേണ്ടതാണ്. സിനിമകളിലെ മരംചുറ്റിപ്രേമസീനുകളാണ് ജീവിതം എന്ന മിഥ്യാധാരണകളിൽ കുട്ടികളും യുവജനങ്ങളും മുഴുകുമ്പോൾ നമുക്കു നഷ്ടമാകുന്നത് വിശുദ്ധരായ തലമുറയെയാണ്.



ഓരോന്നിനും അതിന്റേതായ സമയമുണ്ട് എന്നു പറയാറുണ്ടല്ലോ. ബാല്യത്തിലെ കുസൃതികളും വിദ്യാഭ്യാസകാലത്തെ പഠനവും തൊഴിൽസമ്പാദനവും അതതു കാലങ്ങളിലെ ഉത്തരവാദിത്വങ്ങളാണ്. പ്രണയത്തിന്റെ മായാവലയത്തിൽ അടിപ്പെട്ടുകൊണ്ട് ജീവിതത്തിൽ നേടേണ്ട പലതും നഷ്ടപ്പെടുത്തുന്ന ഒരു തലമുറയിൽ ജീവിക്കുമ്പോൾ പ്രണയം എന്തെങ്കിലും നേട്ടം സമ്മാനിക്കുന്നുണ്ടോ എന്നുകൂടി വ്യക്തിപരമായി നാം ചിന്തിക്കണം. പ്രണയത്തിന്റെ ഉന്മാദതരംഗങ്ങൾ സൃഷ്ടിക്കുന്ന ഓക്സിടോസിന്റെ വേലിയേറ്റങ്ങൾ സമ്മാനിക്കുന്ന സന്തോഷത്തിന് അധികം ആയുസ്സില്ല എന്ന സത്യം നാം തിരിച്ചറിയണം. പ്രണയിതാവിനോടൊപ്പം കൂടുതൽ സമയം ചെലവഴിക്കാൻ ആഗ്രഹിക്കുമ്പോൾ നഷ്ടപ്പെടുത്തുന്നതു മാതാപിതാകളുടെ വാത്സല്യവും സൗഹൃദക്കൂട്ടായ്മയുടെ ഊഷ്മളതയും പഠനത്തിൽ പുലർത്തേണ്ട മികവും കഴിവുകൾ പരിപോഷിപ്പിക്കേണ്ട സമയങ്ങളും ദൈവത്തിലേക്കു വളരേണ്ട പ്രാർഥനയുടെ നിമിഷങ്ങളുമാണെന്നത് ഓർമയിലുണ്ടായിരിക്കേണ്ടത് ആവശ്യമാണ്.

തികച്ചും അനിശ്ചിതത്വമാർന്ന ഭാവിയിലെ ഏറ്റവും പ്രധാനപ്പെട്ട തീരുമാനങ്ങളിൽ ഒന്നു പിഴച്ചാൽ ജീവിതത്തിന്റെ താളം തെറ്റുമെന്നതാണു സത്യം. അത്തരം ഒരു തീരുമാനമാണ് എപ്പോൾ പ്രണയിക്കണം എന്നത്. കേവലം പൈങ്കിളി സിനിമാ-സീരിയൽ സീനുകളിൽ കാണുന്നതല്ല യഥാർഥസ്നേഹം എന്ന് കുട്ടികൾ തിരിച്ചറിയണം. മാതാപിതാക്കളുടെ സ്നേഹവാത്സല്യങ്ങൾ പകരുന്ന ചൂടാണ് യാഥാർഥ്യം.

സ്നേഹം ആത്മാവിന്റെ ഭാഷയാകുമ്പോൾ സ്നേഹത്തിനു ജീവൻ നൽകാൻ മാത്രമേ കഴിയുകയുള്ളൂ; ഒരിക്കലും ജീവൻ അപഹരിക്കാൻ കഴിയുകയില്ല. പ്രണയബന്ധങ്ങളുടെ പേരിൽ പൊലിയുന്ന കൗമാരജീവിതങ്ങൾ നിരവധിയാണ്. അതിൽനിന്നുതന്നെ വ്യക്തമാണ് വിവാഹത്തിനുമുമ്പ് സംഭവിക്കുന്ന പ്രണയബന്ധങ്ങൾ തീർത്തും കപടമാണെന്ന്. പ്രണയിക്കാൻ ഈ ജീവിതത്തിൽ ഒരു സമയം ദൈവം മാറ്റിവച്ചിട്ടുണ്ട്. സമയമാകുംമുമ്പേ തട്ടിയുണർത്തി ഒടുവിൽ വിഷവും കഠാരയും കയറും എടുത്ത് ജീവിതം നശിപ്പിക്കുന്നവർ നിരവധിയാണ്.

നമ്മുടെ ശരീരം ദൈവാലയമായി സൂക്ഷിക്കാൻ നാം കടപ്പെട്ടവരാണ്. കാലത്തിന്റെ തികവിൽ, സമയത്തിന്റെ പൂർണതയിൽ ദൈവം ഒരുക്കുന്ന ജീവിതപങ്കാളിക്കു നൽകേണ്ട വിശിഷ്ടസമ്മാനമായി മനസ്സിൽ നിറയുന്ന പ്രണയത്തെ സൂക്ഷിച്ചുവയ്ക്കാം. നന്നായി പഠിക്കുന്ന, നന്നായി സംസാരിക്കുന്ന, നന്നായി പ്രാർഥിക്കുന്ന ഒരാളായി നാം മാറുമ്പോഴാണ് വിദ്യാർഥി എന്ന നിലയിൽ ദൈവഹിതം നമ്മിൽ പ്രകടമാകുന്നത്. പഠനകാലങ്ങളിൽ മനസ്സിൽ രൂപപ്പെടുന്ന തെറ്റായ ചിന്തകളെയും പ്രലോഭനങ്ങളെയും നാം നിയന്ത്രിക്കണം. പ്രലോഭനങ്ങളെ നിയന്ത്രിക്കാൻ നാം ഉണർന്നിരുന്നു പ്രാർഥിക്കണം. ക്ഷമിക്കാനും സഹിക്കാനും പ്രത്യാശിക്കാനും വിശ്വസിക്കാനും കഴിയുന്നിടത്താണ് എന്നിൽ സ്നേഹം രൂപപ്പെടുന്നത്. അപരന്റെ നന്മയെ കാംക്ഷിക്കുന്ന സ്നേഹമാണ് നമ്മിൽ നിറയേണ്ടത്. സ്വജീവൻ നൽകി നമ്മെ സ്നേഹിച്ച ക്രിസ്തു നമ്മിൽ രൂപപ്പെടട്ടെ.

■

# തോന്നലുകൾ ലോകം ഭരിച്ചാൽ



**ആൽബിൻ കൊട്ടാരം**
എം.എസ്‌സി. മാത്സ്
സെന്റ് തോമസ് കോളജ്, പാലാ



പുതിയ ട്രെൻഡുകൾ പുതിയ നോർമലുകളായി മാറുന്ന കാഴ്ച ചരിത്രത്തിൽ നാം കണ്ടിട്ടുണ്ട്. ചുരിദാറും ബോൾപേനയുമെല്ലാം ഇതിന്റെ ദൃഷ്ടാന്തങ്ങളാണ്. ഭൂരിപക്ഷത്തിന്റെ നിലപാടോ പ്രവൃത്തിയോ ആണ് പൊതുബോധമായും ന്യൂ നോർമലായും മാറുന്നത്. ഉത്തരാധുനികതയുടെ നോർമലുകളെക്കുറിച്ച് പരിചിന്തനം ചെയ്യുക ശ്രമകരമെങ്കിലും ആധുനികകാലത്ത്, ഇത്തരമൊരു നോർമലൈസേഷന്റെ തോത് ക്രമാതീതമായി വർധിച്ചുകഴിഞ്ഞു. തോന്നലുകൾക്കനുസൃതമായി രൂപപ്പെടുന്ന അവകാശവാദങ്ങളാണ് ഇന്നത്തെ ഞെട്ടിക്കുന്ന പ്രതിഭാസം. ജൈവികവും പ്രകൃതിദത്തവുമായ യാഥാർഥ്യങ്ങളെപ്പോലും തോന്നലുകളുടെ ഈ പ്രത്യയശാസ്ത്രങ്ങൾ വെല്ലുവിളിച്ചുകഴിഞ്ഞു.

ജീവിതത്തിന്റെ നാനാതുറകളിൽ ഇതു പ്രകടമാണ്. വിദ്യാഭ്യാസത്തിൽ, ധാർമികതയിൽ, രാഷ്ട്രീയത്തിൽ, ലൈംഗികതയിൽ തുടങ്ങി എല്ലാ മേഖലയിലും തോന്നലുകൾ നോർമലുകളായി മാറിക്കഴിഞ്ഞു. അധ്യാപകർ അനാവശ്യമെന്നും, ബഹുമാനം അനർഹമെന്നും, ധാർമികത ആപേക്ഷികമാണെന്നും, ലൈംഗികത സ്വയം കണ്ടെത്തുന്നതാണെന്നുമുള്ള ആശയങ്ങളെ പൊതുബോധത്തിലേക്കും പിഞ്ചുഹൃദയങ്ങളിലേക്കും കുത്തിവച്ചുകഴിഞ്ഞു.

ഇത്തരം തോന്നലുകളുടെ പ്രശ്നമെന്താണ്? പ്രായപൂർത്തിയാകാത്ത പെൺകുട്ടികളോട് ജന്മനാ ലൈംഗികാകർഷണമുണ്ടെന്ന് ഭാവിയിൽ ഒരു വിഭാഗം വന്നു വാദിച്ചാൽ പോക്സോനിയമംപോലും നാം തിരുത്തിയെഴുതാൻ നിർബന്ധിതരാവും.

കൊല്ലാനുള്ള വാസന ജന്മസിദ്ധമാണെന്നു വാദിച്ചാൽ അതിനെയും അംഗീകരിക്കേണ്ടിവരും. ഭാവിയിൽ സംജാതമാകുന്ന ന്യൂ നോർമലൈസേഷന്റെ പാർശ്വഫലങ്ങൾ അചിന്തനീയമാണ്.

മനുഷ്യൻ തോന്നലുകളുടെ പിന്നാലെ പോകേണ്ടവനല്ല. ദൈവം അവനെ വിവേകം നൽകിയാണ് സൃഷ്ടിച്ചിരിക്കുന്നത്. അവകാശമെന്ന വ്യാജപ്പേരിൽ മറ്റുള്ളവരെ ചതിക്കുന്ന ഈ ലോകത്ത്, പുതിയ തലമുറ അസ്തിത്വംപോലും നഷ്ടപ്പെട്ടവരായിത്തീരുന്നു. മിഥ്യയുടെ വാഴ്ത്തുപാട്ടുകളല്ല, സത്യത്തിന്റെ സങ്കീർത്തനങ്ങളാണ് നമ്മുടെ പുതുതലമുറ കേട്ടുവളരേണ്ടത്.

മാധ്യമങ്ങളും സോഷ്യൽ മീഡിയയും ക്ലാസ്റൂം ചർച്ചകളും ചേർന്നൊരുക്കുന്ന ഭൂരിപക്ഷത്തിന്റെ അബദ്ധപ്രബോധനങ്ങളെ പൊളിച്ചെഴുതാനും ചോദ്യം ചെയ്യാനുമാവശ്യമായ വിവേകം നമുക്കുണ്ടാവണം. എല്ലാവരും ചെയ്യുന്നതുകൊണ്ട് എനിക്കും ചെയ്യാമെന്ന കേവലചിന്തയാണ് അരാജകത്വത്തിന്റെ മൂലകാരണം. ദൈവികമായ ജ്ഞാനവും മനുഷ്യൻ യഥാർഥത്തിൽ ആരാണെന്ന തിരിച്ചറിവും പുതുതലമുറയിലേക്ക് ഇനിയും പകർന്നില്ലെങ്കിൽ, നമ്മുടെ നാട് രാഷ്ട്രീയ-സാമൂഹിക-സാമ്പത്തികമേഖലകളിൽ വലിയ തകർച്ചയിലേക്കും അധാർമികതയിലേക്കും കൂപ്പുകുത്തുമെന്നു തീർച്ച.

■

## എന്റെ വര



**മുഹ്ബിൻ ഇ. എ.**
ഡിജിറ്റൽ മാർക്കറ്റിങ് & ഗ്രാഫിക് സിസൈനിങ്,
ഡിജിറ്റൽ അക്കാദമി
മഞ്ചേരി, മലപ്പുറം



# അറിവിന്റെ വാതായനങ്ങൾ



**അനുപ്രിയ ജോജോ**
എം.എ. മലയാളം
ദേവമാതാ കോളജ്
കുറവിലങ്ങാട്

അധ്യാപകദിനമെന്നു കേട്ടപ്പോഴേ വെള്ളാർമലയിറങ്ങി മനസ്സിന്റെ നടകേറി വരുകയാണ് ഉണ്ണിമാഷ്. പിന്നാലെയുണ്ട് സോഷ്യൽ മീഡിയയിലടക്കം ഇടംപിടിച്ച സായിടീച്ചറും ഷഫീക് മാഷുമെല്ലാം. പിന്നെയുമുണ്ട് നഴ്സറിയിലെ ആദ്യദിനത്തിൽ എന്റെ ആക്രമണം മുഴുവൻ ഏറ്റുവാങ്ങിയ അപർണസിസ്റ്റർമുതൽ ഇന്നോളം വഴിനടത്തിയ എല്ലാ ഗുരുക്കന്മാരും. മറ്റൊരർഥത്തിൽ ജീവിതപാഠങ്ങൾ നൽകിയ മാതാപിതാക്കൾ, കുടുംബം, കൂട്ടുകാർ, സമൂഹം എന്നിങ്ങനെ നീളുന്നു ആ ഗണം.

അറിവിന്റെ വാതായനങ്ങളിലേക്കു നയിക്കുന്നവരാണ് അധ്യാപകർ. വിദ്യാർഥികളെ തേച്ചുമിനുക്കി കാന്തിയും മൂല്യവും പേറുന്ന രത്നങ്ങളാക്കി മാറ്റുന്ന



വർ. പുസ്തകങ്ങൾക്കപ്പുറംനീളുന്ന പാഠങ്ങളും സ്വഭാവരൂപീകരണവുംവഴി വ്യക്തിജീവിതത്തെപ്പോലും സ്വാധീനിക്കാൻ അധ്യാപകർക്കു കഴിയും. അറിവും ആത്മവിശ്വാസവും നൽകി വിദ്യാർഥികളെ പാകപ്പെടുത്തിയെടുക്കുന്നതിൽ അധ്യാപകർ വഹിക്കുന്ന പങ്ക് അവാച്യമാണ്.

ആത്മസമർപ്പണത്തിന്റെ മേഖലകൂടിയാണ് അധ്യാപനം. പാഠഭാഗം വായിച്ചു പഠിപ്പിക്കുകമാത്രമല്ല അത് ഉൾക്കൊള്ളുന്നത്. വിദ്യാർഥികളിലെ വിവിധങ്ങളായ കഴിവു കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിൽ മനഃശാസ്ത്രവിദഗ്ധരും, ആത്മവിശ്വാസം വളർത്തുന്ന മോട്ടിവേഷണൽ സ്പീക്കറും, കുഞ്ഞുകുഞ്ഞു വേദനകളെ ശമിപ്പിക്കുന്ന ഡോക്ടറും, ഉപരിപഠനസാധ്യതകൾ കണ്ടെത്തിനൽകുന്ന ഏജൻസിയും, തുടർച്ചയായി ക്ലാസിൽ കണ്ടില്ലെങ്കിൽ വീട്ടിലെത്തി അന്വേഷിക്കുന്ന, അസുഖം വന്നാൽ വാരിയെടുത്തോടുന്ന അച്ഛനും അമ്മയും, ജീവിതവിജയത്തിൽ മറ്റാരെക്കാളുമധികം നമുക്കൊപ്പം സന്തോഷിക്കുന്ന സുഹൃത്തുമായുള്ള പകർന്നാട്ടങ്ങൾ ഈ രംഗത്ത് നിത്യദൃശ്യങ്ങളാണ്.

അധ്യാപകനും വിദ്യാർഥികളും സമൂഹവും തമ്മിലുള്ള അഭേദ്യബന്ധത്തിന് നമുക്കുമുന്നിൽ ഉണ്ണിമാഷ് തന്നെ ഉത്തമനിദർശനം. എല്ലാ അധ്യാപകർക്കും വിദ്യാലയം കുടുംബമായി പരിണമിക്കുകയാണല്ലോ; ചിലരാകട്ടെ, വിദ്യാലയത്തിനു ചുറ്റുപാടുമുള്ള സമൂഹഹൃദയത്തെത്തന്നെ സ്വാധീനിക്കാറുമുണ്ട്. ഡോ. രാധാകൃഷ്ണനെപ്പോലെ, രാഷ്ട്രത്തെ നയിക്കാൻ കെല്പുള്ള, നിറഞ്ഞ സ്നേഹത്തോടെ കാലുതൊട്ടുവന്ദിക്കാൻ തോന്നുംവിധം ആദരവിനു പാത്രമായവർ.

ക്ലാസുകഴിഞ്ഞാലും അഞ്ചരയും ആറുംവരെ വീടെത്താത്ത അമ്മയെ ഞങ്ങൾ എത്ര പഴിപറഞ്ഞാലും ശീലം മാറ്റാറില്ല. സ്കൂൾമുറ്റത്തും ബസ്സ്റ്റാൻഡിലും തത്തിനിൽക്കുന്ന കുഞ്ഞുങ്ങളിൽ അവസാനത്തെയാളെയും വീട്ടിലെത്തിക്കാതെ കൂടണയാറുമില്ല. ഉറക്കത്തിനിടയിൽ എന്തെങ്കിലും ചോദിച്ചാൽ മറുപടിയാകട്ടെ കലോത്സവത്തിന്റെയോ പരീക്ഷയുടെയോ റിസൾട്ടോ പ്രാക്ടീസ് ക്ലാസോ മറ്റുമായിരിക്കും. എല്ലാ അധ്യാപകരുടെയും അവസ്ഥ ഇതുന്നെ.

വരുംതലമുറയുടെ സ്വഭാവരൂപീകരണത്തിൽ അധ്യാപകർക്കുള്ള സ്ഥാനം വലുതാണ്. എ.ഐ. ഗുരുക്കന്മാർക്കു പകരാനാവാത്ത പലതും ഈ ഗുരുമുഖത്തുനിന്നു തന്നെ ലഭിക്കണം. അറിവു പകരുന്ന സ്വാതന്ത്ര്യം മറ്റുള്ളവരുടെ അവകാശനിഷേധമാകരുതെന്നു പഠിപ്പിക്കാൻ, രസതന്ത്രം ആസിഡ് ആക്രമണത്തിനോ ഊർജതന്ത്രം ആറ്റംബോംബ് വർഷിക്കുന്നതിനോ ചരിത്രം അഹങ്കരിക്കാനോ ഉള്ളതല്ലെന്നും പഠിപ്പിക്കാൻ അറിവും വിവേകവുമേന്തിയ അധ്യാപകർതന്നെ വേണം.

അധ്യാപകരോടുള്ള സമൂഹത്തിന്റെയും ഗവൺമെന്റിന്റെയും മനോഭാവത്തിൽ മാറ്റം വരുത്തേണ്ടതുണ്ട്. അധ്വാനം കൂടാതെ ശമ്പളം വാങ്ങുന്നവരെന്ന അവഹേളനത്തിന്റെ യാഥാർഥ്യമെന്താണ്? വിദ്യാർഥികളുടെ പഠനത്തിലും ജീവിതസാഹചര്യങ്ങളിലും കൃത്യമായ ഇടപെടലുകൾ നടത്തുന്നതിനുപുറമേ, സെൻസസ്, ഇലക്ഷൻ ഡ്യൂട്ടി എന്നിവയ്ക്കെല്ലാം അധ്യാപകർ സന്നദ്ധരായി അണയുന്നു!

മക്കളിലുള്ള അന്ധമായ വിശ്വാസത്താൽ അധ്യാപകരെ തല്ലാൻ പുറപ്പെടുന്ന മാതാപിതാക്കളാണ് ഇന്നധികവും. വിദ്യാർഥികളുടെ വഴിതെറ്റലിനെ ചോദ്യം ചെയ്താൽ അധ്യാപകരെ കയ്യേറ്റം ചെയ്യുന്ന സമൂഹത്തിന്റെ മനോഭാവവും മാറണം. എവിടെ അധ്യാപകൻ അവമതിക്കപ്പെടുന്നുവോ അവിടെ സമൂഹത്തിന്റെയും സംസ്കാരത്തിന്റെയും അപചയമാരംഭിക്കുന്നു.

■



**ട്രീസ ആൻ സിജു**
ക്ലാസ് XI
സെന്റ് ജോൺ നെപുംസ്യാൻസ്
എച്ച് എസ് എസ്
കൊഴുവനാൽ

കവിത

## വേർപാടിന്റെ ഗീതം

ഈ രാവ്
ഇന്നു പതിവിലേറെ മൂകമാണ്
ഇരുട്ടിന്റെ കരിമ്പടത്തിനുള്ളിൽ
ഭൂമിയുടെ നെടുവീർപ്പുകൾമാത്രം
എങ്കിലും, ഇന്നത്തെ ആകാശം
പതിവിലേറെ സുന്ദരമാണ്
ഇന്നത്തെ നക്ഷത്രങ്ങൾക്ക്
ചിരിത്തിളക്കമേറെയാണ്
കാരണം, ഇന്നവർക്കൊരു
പുതിയ ചങ്ങാതിയെ കിട്ടിയിരിക്കുന്നു
ഒരു പകൽമുമ്പുവരെ
എനിക്കൊപ്പമായിരുന്ന
അത്രമേൽ പ്രിയപ്പെട്ട ഒരാൾ
ഇന്നവർക്കൊപ്പമാണ്...
എനിക്കറിയാം
എന്റെ ചില്ലകളിൽ
കൂടുകൂട്ടാൻ
ഇരുൾപ്പക്ഷികളെത്തും
എന്റെ ജാലകവാതിലിൽ
പ്രഭാതകിരണങ്ങൾ
ഇനി ചിത്രം വരയ്ക്കാനെത്തില്ല
എന്റെ നടപ്പാതകൾ
വിജനമാവും
മുൾപ്പടർപ്പുകൾ അവയെ
മറച്ചുകളയും
അതിനാൽ,
ഇനി പകലിനെക്കാൾ
ഞാൻ രാത്രിയെ സ്നേഹിക്കും
എന്റെ പകലുകളുടെ സൂര്യൻ
നക്ഷത്രമായി പുനർജനിച്ചിരിക്കുന്നു
അതിനാൽ, എന്റെ വഴികളിൽ
വെളിച്ചമൊരിക്കലും അസ്തമിക്കുന്നില്ല.

# വായനയുടെ സർഗലോകം



**സാന്ദ്ര എലിസബത്ത് ബാബു**
എം.എ. ഇംഗ്ലീഷ്
ഏറ്റുമാനൂരപ്പൻ കോളജ്
ഏറ്റുമാനൂർ



പുസ്തകങ്ങൾ നമ്മുടെ ജീവിതത്തിന്റെ ഒരു പ്രധാനഭാഗമാവണം. കുട്ടികളുടെ വളർച്ചയിൽ ഉയർന്നു പറക്കാൻ സഹായിക്കുന്ന ചിറകുകളാണ് പുസ്തകങ്ങൾ. വായന, കുട്ടികൾക്ക് വിവിധതലങ്ങളിലേക്കുള്ള വഴി തുറക്കുന്നു.

അറിവു വളർത്തുന്നതിൽ മാത്രമല്ല, കുട്ടികളുടെ മാനസിക, സാമൂഹികാഭിരുചികൾ ഉണർത്തുന്നതിലും വായന ഉത്തേജനം നല്കുന്നതായിക്കാണാം. പുസ്തകങ്ങൾ ജീവിതത്തിന്റെ കഷ്ടതകളും സങ്കടങ്ങളും സന്തോഷങ്ങളും തുറന്നുകാട്ടുന്നു. ഇതിലൂടെ, മാനവികതയുടെ ശക്തിയും ചൈതന്യവും മനസ്സിലാക്കാൻ കഴിയും.

സർഗപ്രതിഭയുടെ വികാസം വായനയിലൂടെമാത്രം സാധ്യമാകുന്നു. സ്വപ്നങ്ങൾ കാണാനും അവയെ യാഥാർഥ്യമാക്കാനും വായന സഹായിക്കുന്നു. ഈ സർഗക്രിയ ഭാവനയ്ക്ക് അടിസ്ഥാനം നൽകുന്നു, പുതിയ ആശയങ്ങൾ വികസിപ്പിക്കാൻ പ്രചോദിപ്പിക്കുന്നു.

കുട്ടികൾക്ക് മികച്ച വാക്കുകളും ആശയങ്ങളും വായനയിൽനിന്നു ലഭിക്കുന്നു. പുസ്തകങ്ങൾ വായിക്കാൻ തുടങ്ങുമ്പോൾ, അവർ ഭാഷയുടെ ആഴങ്ങളെക്കുറിച്ചു കൂടുതൽ മനസ്സിലാക്കുകയും എഴുത്തിലും സംസാരത്തിലും അത് ആവിഷ്കരിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു.

പുസ്തകങ്ങളുടെ ലോകത്തിൽ കുട്ടികളെ കൂടുതൽ ആഴപ്പെടുത്താൻ മാതാപിതാക്കൾക്കും അധ്യാപകർക്കും ഉത്തരവാദിത്വമുണ്ട്. കുട്ടികളെ വായനയിലേക്ക് ആകർഷിക്കാൻ, അവരുടെ ഇഷ്ടങ്ങളും ആവശ്യങ്ങളും അറിഞ്ഞുകൊണ്ട്, പുസ്തകങ്ങൾ അവർക്കു നൽകണം.

പുതിയ സാങ്കേതികയുഗത്തിൽ, ഇ-പുസ്തകങ്ങൾ, ഓഡിയോ പുസ്തകങ്ങൾ തുടങ്ങിയവ കുട്ടികളുടെ ശ്രദ്ധ പിടിച്ചുപറ്റാൻ സഹായിക്കുന്നു. എങ്കിലും വായനയുടെ യഥാർഥ അനുഭവത്തിന് പുസ്തകവായനതന്നെയാണ് അഭികാമ്യം.

■



**അമൽജിത്ത് കെ. എ.**
ബി.എ. മലയാളം
സെന്റ് തോമസ്
കോളജ്, പാലാ



എന്റെ വര





**ഗൗതം കൃഷ്ണ എം.**
ക്ലാസ് VIII
ലൂർദ് പബ്ലിക് സ്കൂൾ
കോട്ടയം

# സാരംഗി



**നവ്യ ജോസ്**
എം.എ.മലയാളം
സെന്റ് തോമസ് കോളജ്, പാലാ

**വാ**ശിപിടിച്ചു കരയുന്ന മീനുവിനെ സമാധാനിപ്പിക്കാൻ സാരംഗി വല്ലാതെ കഷ്ടപ്പെടുകയായിരുന്നു. എന്തിനു മേതിനും ഇപ്പോൾ മീനുവിനു വാശിയാണ്. വാശിയുടെ ഏറ്റവും അവസാന തലം കരച്ചിലും. പക്ഷേ, മീനുവിന്റെ വാശികൾ ചിലപ്പോഴൊക്കെ തന്റെ കുഞ്ഞുകുഞ്ഞ് ആഗ്രഹങ്ങളുടെ സാഫല്യത്തിനുവേണ്ടിയാണ്. അതിനാൽ



ത്തന്നെ അവളുടെ കുറുമ്പുനിറഞ്ഞ വാശികളെ ചില കടുംപിടിത്തങ്ങൾക്കും നിയന്ത്രണങ്ങൾക്കുംശേഷം സാരംഗി നടത്തിക്കൊടുക്കാറാണു പതിവ്. 'പക്ഷേ, ഈ വാശിയെ ഏതു വിധത്തിൽ താൻ നടത്തിക്കൊടുക്കും? അല്ലാ... നടത്തിക്കൊടുക്കാൻ പറ്റുന്ന കാര്യമല്ലല്ലോ അത്?" സാരംഗി പാത്രങ്ങൾ കഴുകുന്നതിനിടയിൽ ആലോചിച്ചു.

"അമ്മാ, ഞാൻ പറഞ്ഞത്..." മീനു സാരംഗിയുടെ നൈറ്റിയിൽ പിടിച്ച് കൊഞ്ചലോടെ, ചെറുപുഞ്ചിരിയോടെ ചോദിച്ചു. ആറുവയസ്സേ ആയിട്ടുള്ളൂ മീനൂന്. അവളുടെ കൊഞ്ചലും പുഞ്ചിരിയുമെല്ലാം പൂമൊട്ട് പൊഴിയുന്നതിനു സമമാണ്. അവളുടെ കരച്ചിലാണ് തീരെ സഹിക്കാൻ കഴിയാത്തത്. കുഞ്ഞിക്കണ്ണുകൾ നിറഞ്ഞുകവിയുന്നതു കാണുമ്പോൾ വിഷമത്തോടൊപ്പം ചില കാവ്യഭാവനകളും സാരംഗിയുടെ മനസ്സിൽ കടന്നുവരും.

"പോ മീനൂട്ടീ അപ്പുറത്ത്. അമ്മയ്ക്കിവിടെ നൂറുകൂട്ടം പണികളുണ്ട്." തെല്ലു ദേഷ്യത്തോടെ സാരംഗി അവളുടെ മൃദുകൈകളെ തട്ടിമാറ്റി. ആ ചുണ്ടുകളിലെ പൂമൊട്ട് പെട്ടെന്നുതന്നെ അടർന്നുവീഴുന്നത് സാരംഗി കണ്ടു. എങ്കിലും, അതിനെ ഗൗനിക്കാതെ സാരംഗി തന്റെ പതിവുകലാപരിപാടികൾ പിൻതുടർന്നു. ഒരുവിധം ജോലികളെല്ലാം ഒരുക്കിത്തീർത്തശേഷം സാരംഗി മീനുവിന്റെ അടുത്തെത്തി. കുഞ്ഞിമുഖം ഒരു ബലൂൺ കണക്കെ വീർപ്പിച്ചുവച്ചിരിക്കുന്നു. "ഈ കുഞ്ഞുമുഖത്ത് ഇത്രയും ദേഷ്യമോ ഈശ്വരാ!" സാരംഗി വെറുതെ ആലോചിച്ചുപോയി.

"അമ്മയുടെ മീനൂട്ടി പിണങ്ങിയിരിക്കുവാണോ? അയ്യേ... വല്യകുട്ടികളൊന്നും പിണങ്ങില്ലല്ലോ. ഈ മീനൂട്ടിക്ക് ഒന്നും അറിയില്ല.'' ആ കുഞ്ഞുബലൂണിലെ കാറ്റിനെ ഒന്നയച്ചുവിടാൻ ശ്രമിച്ചതാണ് സാരംഗി. അപ്പോഴാകട്ടെ ബലൂൺ ഒന്നുകൂടി വീർത്തു.

"അമ്മയ്ക്കെന്താ ഞാൻ പറഞ്ഞത് നടത്തിത്തന്നാൽ?"ഗൗരവത്തോടൊപ്പം കണ്ണുനീരിനെയും കൂട്ടുപിടിച്ച് മീനൂട്ടി ചോദിച്ചു.

സാരംഗി അവളെയെടുത്ത് മടിയിൽ വച്ചു. ആ മൃദുകവിളുകളിൽ തന്റെ സ്നേഹചുംബനം നൽകി.

''എങ്ങനാ കുട്ടാ അമ്മ കുഞ്ഞിന് അമ്പിളിമാമനെ പിടിച്ചുതരണേ? എത്രയോ ദൂരെയാ അത്... അമ്മേടെ മുത്തു തന്നെ നോക്കിക്കേ. അമ്മയ്ക്ക് അതിനെ ഒന്നു തൊടാൻപോലും പറ്റില്ലല്ലോ. പിന്നെങ്ങനെ അമ്മ പിടിച്ചുതരും?'' സാരംഗി കാര്യം വിശദീകരിച്ചെങ്കിലും ആ പിഞ്ചുമനസ്സിന് അത് ഉൾക്കൊള്ളാൻ കഴിഞ്ഞില്ലെന്നുമാത്രമല്ല; കണ്ണീരുറവയുടെ പ്രവാഹം കൂടുതൽ വേഗത്തിലുമായി.

ചോറു കൊടുക്കുമ്പോഴും മറ്റും അമ്പിളിമാമനെ പിടിച്ചുതരാം എന്ന സ്ഥിരം ഡയലോഗിന്റെ പ്രതിഫലനം ഇത്രത്തോളം വലുതായിരിക്കുമെന്ന് സാരംഗി തീരെ പ്രതീക്ഷിച്ചിരുന്നില്ല.

താനും ഇങ്ങനെ വാശിപിടിച്ചു കരഞ്ഞിട്ടുണ്ടാവില്ലേ? അപ്പോഴെന്തു പറഞ്ഞായിരിക്കും അമ്മ സമാധാനിപ്പിച്ചിട്ടുണ്ടാവുക? അവൾ ആരോടെന്നില്ലാതെ പറഞ്ഞു. കരച്ചിൽ നിർത്താനുള്ള ഭാവമൊന്നും ആ കുഞ്ഞുമുഖത്ത് സാരംഗി കണ്ടില്ല. അവസാനം സാരംഗി മീനൂന്റെ ചെവിയിൽ ഒരു രഹസ്യം പറഞ്ഞു. അതുകേട്ടപ്പോൾ ആ കുഞ്ഞിമുഖത്ത് പൊടുന്നനെ പുഞ്ചിരി പ്രത്യക്ഷപ്പെടുന്നതും കണ്ണീരുറവ അവസാനിക്കുന്നതും സാരംഗി കണ്ടു. ലോകം കീഴടക്കിയ ആശ്വാസം സാരംഗിയിലുണ്ടായി. പ്രോമിസല്ലേ അമ്മ പറഞ്ഞത്? സംശയം തീർക്കാൻ മീനു ചോദിച്ചു.

"പ്രോമിസ്. അമ്മയുടെ മുത്തിനോട് അമ്മ കള്ളം പറയുവോടാ." ആ കുഞ്ഞിമുഖത്ത് ഒരു സ്നേഹചുംബനം നൽകിയായിരുന്നു സാരംഗി മറുപടി പറഞ്ഞത്.

നാളുകൾ അധികം കഴിയുന്നതിനു മുമ്പുതന്നെ വീട്ടിൽ ഒരു പന്തലുയർന്നു. എങ്ങും ആളുകൾ. എല്ലാവരും തിരക്കിലാണ്. എന്തൊക്കെയോ ജോലികളിലാണ്. പക്ഷേ, നിശ്ശബ്ദതയുടെ വലിയ ഒരു വലയം അവരെയെല്ലാം പിടികൂടിയിരിക്കുന്നു. സംസാരിക്കുന്നുണ്ടെങ്കിലും തീരെ ചെറിയ ശബ്ദങ്ങൾ മാത്രമാണ് പുറത്തുകേൾക്കുന്നത്. എന്നാലതിനെ ഭേദിച്ചുകൊണ്ട് വീടിനുള്ളിൽനിന്നു വലിയ കരച്ചിലുകളും കേൾക്കുന്നുണ്ട്. എങ്ങനെയാണ്, എന്തു പറഞ്ഞാണ് അവരെയെല്ലാം ആശ്വസിപ്പിക്കേണ്ടതെന്നോർത്ത് അവിടെ കൂടിയിരുന്നവർ അവരെക്കാളേറെ വിഷമിച്ചു.

"ഇത്ര ചെറുപ്പത്തിലേ ഇതു സംഭവിച്ചല്ലോ. ഈശ്വരാ, എന്തൊരുവിധിയാണിത്." ആ വീടു കയറിയിറങ്ങി പോയവരെല്ലാം പറഞ്ഞത് ഈ വാചകംമാത്രമായിരുന്നു.

ഉമ്മറത്തു വിരിച്ച വെള്ളത്തുണിയിൽ ഒരു വിളക്കിനെയും രണ്ടു ചെരാതുകളെയും സാക്ഷിയാക്കി സാരംഗി കിടക്കുന്നു. ശാന്തമായ ഉറക്കമാണെന്നേ തോന്നൂ. അത്രത്തോളം നിർമ്മലമായ മുഖത്തോടെയാണ് അവളവിടെ കിടക്കുന്നത്. സാരംഗിക്കു ചുറ്റുമിരുന്ന് ഒരുപാടുപേർ കരയുന്നുണ്ട്. മീനൂട്ടി അച്ഛന്റെ മടിയിലിരുന്ന് എല്ലാം നോക്കിക്കാണുന്നു. എന്തിനാണ് എല്ലാവരും കരയുന്നതെന്ന് അവൾക്കു മനസ്സിലായിരുന്നില്ല. അമ്മയുടെ ഉറക്കത്തെ ഇവർ ശല്യപ്പെടുത്തുമോ എന്നുമാത്രമാണവൾ ചിന്തിച്ചത്.

വീട്ടുവളപ്പിൽ സാരംഗി വിശ്രമിക്കുകയാണ്. ആളും ബഹളവുമെല്ലാം കെട്ടടങ്ങി. ഇപ്പോഴും വീട്ടിൽ അടുത്ത കുറച്ച് ബന്ധുക്കളും മീനൂട്ടിയും അച്ഛനും മാത്രമേയുള്ളൂ.

അമ്മയുടെ ഉറക്കം കഴിഞ്ഞില്ലേ എന്ന മീനൂട്ടിയുടെ ചോദ്യത്തിനുമുമ്പിൽ സർവവിധ നിയന്ത്രണങ്ങളും വിട്ട് അച്ഛൻ പൊട്ടിക്കരഞ്ഞു. അമ്മയിനി ഒരിക്കലും തിരിച്ചെത്തില്ലെന്ന് മീനൂട്ടിയെ അദ്ദേഹം ധരിപ്പിച്ചു. പക്ഷേ, ആ കുഞ്ഞിക്കണ്ണുകളിൽനിന്നു കണ്ണീരു പൊടിഞ്ഞില്ല. ഒന്നും മനസ്സിലാക്കാനുള്ള പ്രായമായില്ലായെന്ന് അയാൾ വിചാരിച്ചു. മീനൂട്ടി അയാളുടെ മടിയിൽ കയറിയിരുന്ന് അദ്ദേഹത്തിന്റെ കണ്ണുനീര് തുടച്ചുകൊണ്ട് ചെവിയിൽ ഒരു സ്വകാര്യം ഉണർത്തിച്ചു:

''അച്ഛാ... അമ്മയേ എനിക്കുള്ള അമ്പിളിമാമനെ കൊണ്ടുവരാൻ പോയേക്കുവാ. അമ്മ പറഞ്ഞാരുന്നു എന്നോട്, അമ്പിളിമാമനെ കൊണ്ടുവരാൻ പോകുമ്പോ ആരോടും ഒന്നും പറയാതെ വീടിന്റെ ആ മൂലയിലെ മണ്ണിനടിയിലൂടെ പോയി ആകാശത്ത് എത്തി മീനൂട്ടിക്കുള്ള അമ്പിളിമാമനെ കൊണ്ടുവരൂന്ന്. അയിനു പോയേക്കുവാ അമ്മ."

അവളുടെ ആ സ്വകാര്യംപറച്ചിലിൽ അയാൾ സ്തംഭിച്ചുപോയി! അയാൾ മീനൂട്ടിയെ കെട്ടിപ്പിടിച്ചു കരഞ്ഞു. പറയാൻ അയാൾക്കു വാക്കുകളൊന്നും ഉണ്ടായിരുന്നില്ല. അച്ഛനെ കെട്ടിപ്പിടിച്ച് ഉറങ്ങുന്നതിനിടയിൽ മീനൂട്ടിയുടെ ചുണ്ടുകളിൽ പൂമൊട്ടു പൊഴിയുന്നത് അയാൾ കണ്ടു. ഉറക്കത്തിനിടയിൽ 'അമ്മ എനിക്ക് അമ്പിളിമാമനെ പിടിച്ചു തന്നൂ...' എന്ന് ആ കുഞ്ഞുചുണ്ടുകൾ മന്ത്രിക്കുന്നത് അയാൾ കേട്ടു. അപാരമായ സങ്കടത്തിനപ്പുറം അഗാധമായ ഒരു സന്തോഷം അയാളിലനുഭവപ്പെട്ടു.

*(അന്താരാഷ്ട്ര ബഹിരാകാശദിനത്തോടനുബന്ധിച്ച് പാലാ സെന്റ് തോമസ് കോളജിലെ ഫിസിക്സ് വിഭാഗം നടത്തിയ കഥാരചനമത്സരത്തിൽ ഒന്നാം സ്ഥാനം നേടിയത്)* ■



# കണ്ണടച്ച് ഇരുട്ടാക്കുന്നവർ



**ആരഭി ഗോപകുമാർ**
എം.എസ്സി
മാത്തമാറ്റിക്സ്
പോണ്ടിച്ചേരി സെൻട്രൽ
യൂണിവേഴ്സിറ്റി

**കേ**രളജനതയുടെ കരളുരുക്കിക്കൊണ്ട് കൂരിരുട്ടിന്റെ ഒരു രാത്രി കടന്നുപോയി. ബാക്കിയായത് കദനവും കണ്ണീരും ചിതറിത്തെറിച്ച കുറെ കബന്ധങ്ങളും. എവിടെയായിരുന്നു സ്വന്തം പാർപ്പിടം എന്നുപോലും അറിയാനാവാതെ മരിച്ച മനസ്സുമായി ജീവിക്കുന്ന കുറെ ആൾക്കാർ അതിജീവനത്തിന്റെ പുതിയ ഭൂമികകൾ തേടുന്നു.

പ്രകൃതിദുരന്തങ്ങൾ പ്രളയത്തിന്റെയും ഉരുൾപൊട്ടലിന്റെയും രൂപത്തിൽ മാവേലി വരുന്നതുപോലെ മുറതെറ്റാതെ എല്ലാവർഷവും കേരളം സന്ദർശിച്ചു മടങ്ങുകയാണ്. എണ്ണമറ്റ ജീവനുകൾ അകാലത്തിൽ പൊലിയുന്നു, ഇതുവരെയുള്ള ഏറ്റവും വലിയ ദുരന്തം എന്ന പേരിട്ടു വിളിച്ച് നാം അടുത്ത വർഷം അതിലും വലിയ ദുരന്തത്തിനായി കാത്തിരിക്കുന്നു. ഇതാണ് കേരളത്തിന്റെ ഇപ്പോഴത്തെ അവസ്ഥ.

കേരളത്തിന്റെ മീതേ ഡെമോക്ലീസിന്റെ വാളുപോലെ തൂങ്ങിക്കിടക്കുകയാണ് മുല്ലപ്പെരിയാർ ഡാം. അതൊന്നു പൊട്ടിയാൽ ഏകദേശം 40 ലക്ഷത്തോളം ആളുകളാണ് കേരളത്തിൽ ഇല്ലാതാവുന്നത്. നമുക്ക് കണ്ണടച്ച് ഇരുട്ടാക്കാം, ഡാം പൊട്ടുന്നതുവരെ. പിന്നെ അടയ്ക്കാൻ കണ്ണുണ്ടാവില്ല. 1887 ൽ നിർമാണം തുടങ്ങി 1895 ൽ പൂർത്തിയാക്കിയ അണക്കെട്ടാണത്.

സിമന്റിനുപകരം ചുണ്ണാമ്പും ശർക്കരയും മണലും ചേർത്തുണ്ടാക്കുന്ന സുർക്കി എന്ന മിശ്രിതം ഉപയോഗിച്ചാണ് ഡാം നിർമിച്ചിട്ടുള്ളത്. ഇങ്ങനെയുള്ള ഡാമുകളുടെ ആയുസ്സ് ഏകദേശം 50 വർഷമാണെന്ന്, മുല്ലപ്പെരിയാർ ഡാം പണിയുന്നതിനു മേൽനോട്ടം വഹിച്ച എഞ്ചിനീയർ പെന്നികിക്ക് അക്കാലത്തുതന്നെ അഭിപ്രായപ്പെട്ടിട്ടുണ്ട്. ആ ഡാമാണ് 129 വർഷം കഴിഞ്ഞും നിലനിർത്തിയിരിക്കുന്നതും കേരളത്തിന് പേടിസ്വപ്നമായി തുടരുന്നതും. ഒരുവർഷം ഏകദേശം 30 ടൺ സുർക്കിമിശ്രിതമാണ് ഡാമിന്റെ കൽക്കെട്ടുകൾക്കിടയിൽനിന്ന് ഒലിച്ചുപോകുന്നത് എന്നാണ് കണക്ക്. എത്രയോ കാലമായി ഇതു തുടരുന്നു!

സുർക്കി ഉപയോഗിച്ചു പണിത ഡാമുകളിൽ ഏറ്റവും വലുതും ഇപ്പോൾ നിലവിലുള്ളതുമായ ഒരേയൊരു ഡാമാണ് മുല്ലപ്പെരിയാർ. നിലനില്പിനു ഭീഷണിയുള്ള ലോകത്തെ വലിയ പത്തു ഡാമുകളിൽ ഒന്നാം സ്ഥാനവും മുല്ലപ്പെരിയാറിനുതന്നെ.

പക്ഷേ, ഇതൊന്നും ഭരണാധികാരികളെ ബാധിക്കുന്നുണ്ടെന്നു തോന്നുന്നില്ല. സുപ്രീംകോടതിക്ക് ഈ പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കിക്കൊടുക്കാൻ നമ്മുടെ സർക്കാരിനു കഴിഞ്ഞിട്ടില്ല എന്നുവേണം മനസ്സിലാക്കാൻ. ഡാം പൊട്ടാനും പൊട്ടാതിരിക്കാനും സാധ്യതയുണ്ട്. പൊട്ടാൻ ഒരു ശതമാനമെങ്കിലും സാധ്യതയുണ്ടെങ്കിൽ പുതിയ ഡാം പണിയുകയാണു വേണ്ടത്. കാരണം, ഡാം പൊട്ടിയാൽ മരിക്കുന്നത് ഒന്നും രണ്ടും പേരല്ല; കേരളംതന്നെയാണ്. ഒലിച്ചുപോകുന്നത് ഒരു തലമുറയുടെ മുഴുവൻ സ്വപ്നങ്ങളുമാണ്.

■